

## ഇടതുപക്ഷ ജനാധിപത്യ മുന്നണി

### കൊയിലാണ്ടി നിയോജക മണ്ഡലം

# പ്രകടന പത്രിക

## 2026


VOTE FOR LDF
Vote for K Dasan
മറ്റാരുണ്ട് LDF അല്ലാതെ
കൊയിലാണ്ടിയുടെ
ഉറപ്പ്
കൊയിലാണ്ടി മണ്ഡലം
എൽഡിഎഫ് സ്ഥാനാർഥി
സ. കെ. ദാസനെ
വിജയിപ്പിക്കുക
VOTE FOR LDF VOTE FOR LDF

# ഇടതുപക്ഷ ജനാധിപത്യ മുന്നണി

## നിയമസഭ തിരഞ്ഞെടുപ്പ് 2026

**(പ്രഖ്യാപനം -101 ഇന കർമ്മ പദ്ധതികൾ)**

**കൊയിലാണ്ടി നിയോജകമണ്ഡലം.**

### മുഖമൊഴി:-

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വികസന മുന്നേറ്റത്തിൽ ഇന്ന് കേരളത്തിനാണ് ഒന്നാം സ്ഥാനം. 1957ൽ ഇ.എം.എസ്. മന്ത്രിസഭ നടപ്പിലാക്കിയ ഭൂപരിഷ്കരണവും അധികാര വികേന്ദ്രീകരണ ആശയവും, 1996ൽ നായനാർ മന്ത്രിസഭ നടപ്പിലാക്കിയ ജനകീയ ആസൂത്രണവുമാണ് കേരള സംസ്ഥാനത്തിന് സാമ്പത്തിക-സാമൂഹ്യസുരക്ഷ സാധിതമാക്കിയത്. ആയതിന്റെ തുടർച്ചയാണ് 2025 നവംബർ 1-ാം തിയ്യതി നമ്മുടെ പ്രിയങ്കരനായ മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ച അതിദാരിദ്ര്യമുക്ത കേരളം.

1990ൽ രൂപം കൊടുത്ത ജില്ലാ കൗൺസിലുകളെ തൊട്ടടുത്ത വർഷം അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ അട്ടിമറിക്കാൻ ശ്രമിച്ചത് ചരിത്രത്തിലെ വികസനവിമുഖതയുടെ അടയാളപ്പെടുത്തലായി അവശേഷിക്കുന്നു.

ഭരണനിർവഹണത്തിൽ പൊതുജനങ്ങൾക്കുള്ള പങ്കാളിത്തം ഉറപ്പുവരുത്തുന്ന ത്രിതല ഭരണശൈലി തന്നെയാണ് വർത്തമാനകാല വികസന പുരോഗതിക്ക് ആധാരം. അതിന്റെ പിൻബലത്തിലാണ് സംസ്ഥാന ഭരണകൂടത്തിന്റെ നിലനിൽപ്പും.

### മതനിരപേക്ഷത - കേരളത്തിന്റെ ശക്തിയും സൗന്ദര്യവും

രാജ്യത്താകമാനം വർഗീയ ധ്രുവീകരണം സൃഷ്ടിച്ചുകൊണ്ടാണ് ബിജെപി അധികാരത്തിലേറിയതും - അത്, വീണ്ടും വീണ്ടും നിലനിർത്തുന്നതും. അക്കാരണത്താൽ അവരുടെ തുടർ ഭരണത്തിന്റെ ഉദ്ദേശശുദ്ധി തന്നെ നിരന്തരം ചോദ്യം ചെയ്യപ്പെടുകയാണ്. എന്നാൽ ത്വരിത - സുസ്ഥിര വികസന മുന്നേറ്റത്തിന്റെ അടിത്തറ കെട്ടിപ്പൊക്കി കൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിൽ തുടർഭരണം നേടിയെടുത്തതും വീണ്ടും ആവർത്തിക്കാൻ പോകുന്നതും.

എൽഡിഎഫിന്റെ പ്രഥമ പരിഗണന മതനിരപേക്ഷതയാണ്. മതതീവ്രവാദികളെയും വിഘടന വർഗീയവാദികളെയും പാടെ അകറ്റിനിർത്തി. സാമൂഹ്യസുരക്ഷ സംജാതമാക്കുന്ന ഉത്തമനിലപാട് മാത്രമേ, ഇടതുപക്ഷ ജനാധിപത്യമുന്നണി നാളിതുവരെ സ്വീകരിച്ചിട്ടുള്ളു. സർവ്വമത സാഹോദര്യം എൽഡിഎഫിന്റെ സ്ഥായിഭാവമാണ്. തന്മൂലം ആർജ്ജിക്കുന്ന സമാധാനപൂർണമായ ജീവിതം, കഴിഞ്ഞ പത്തു വർഷക്കാലമായി കേരള ജനതയെ ഏകോദര സഹോദരങ്ങളെപ്പോലെ, നിത്യജീവിതം നയിക്കാൻ പ്രാപ്തരാക്കി. വർഗീയ ലഹളയുടെയോ, വർഗ്ഗ വിദ്വേഷത്തിന്റെയോ ലാഞ്ചന പോലും ഇന്ന് നമ്മുടെ സാമൂഹ്യ ജീവിതത്തിൽ ഇല്ല എന്നത് ഏറെ അഭിമാനകരമാണ്.

## സാമ്പത്തിക സമത്വവും സാമൂഹ്യ സുരക്ഷയും

സാമ്പത്തികസമത്വത്തിലൂടെ മാത്രമേ സാമൂഹിക സുരക്ഷ നടപ്പിലാക്കാൻ സാധിക്കുകയുള്ളു എന്നത് വർഗ്ഗബോധമുള്ള ഏത് വ്യക്തിക്കും വിലയിരുത്താവുന്ന കാര്യമാണ്. അതുകൊണ്ടുതന്നെ കോർപ്പറേറ്റുകളുടെയും കുത്തക മുതലാളിമാരുടെയും തോഴന്മാരായി വാഴുന്ന എൻഡിഎയും, യുഡിഎഫും ഒരേ തൂവൽ പക്ഷികളാണ് എന്നത് വ്യക്തം. എന്നാൽ സമൂഹത്തിലെ അടിസ്ഥാന വിഭാഗത്തിന്റെയും അധ്വാനിക്കുന്നവന്റെയും പക്ഷം ചേർന്ന് ചിന്തിക്കുന്ന എൽഡിഎഫിന്റെ ഭരണനയം, തികച്ചും വ്യത്യസ്തമാണ് അത് പാർശ്വവൽകരിക്കപ്പെട്ടവരുടെ ക്ഷേമവും ഉന്നമനവും ആണ്. നീതിബോധത്തിൽ ഊന്നിയ പ്രസ്തുത കാഴ്ചപ്പാടും ആയത് നടപ്പിലാക്കാൻ കഴിഞ്ഞതിന്റെ പരിഗണനയും ആണ് കേരള ജനത 2021ൽ ഇടതുമുന്നണിയെ വിശ്വസിച്ചേൽപ്പിച്ച തുടർ ഭരണം.

## ലിംഗ നീതിയും വ്യക്തിസമത്വവും

സ്ത്രീ സുരക്ഷയും വനിതാ ശാക്തീകരണവും എൽഡിഎഫിന്റെ തത്വാധിഷ്ഠിത നിലപാടുകളാണ് അക്ഷരജ്ഞാനം ഉള്ള സമൂഹത്തിന്റെ ചിന്താ സരണിയിലൂടെ മാത്രമേ ലിംഗ നീതി എന്ന സമത്വചിന്ത. സഫലീകരിക്കപ്പെടുകയുള്ളൂ. അതിന്റെ പ്രത്യക്ഷമായ തെളിവാണ് ത്രിതല പഞ്ചായത്തിലും നിയമസഭാ തിരഞ്ഞെടുപ്പിലും ഇടതുമുന്നണി വനിതകൾക്ക് കൽപ്പിക്കുന്ന പ്രാധാന്യവും, അവർക്കായി ഒരുക്കുന്ന ഇടവും. ഇന്ന് കേരളത്തിൽ മാത്രമാണ്. സർവീസ് മേഖലയിലും അധ്യാപന രംഗത്തും ആരോഗ്യമേഖലയിലും വനിതകൾ മേൽക്കോയ്മ നേടിയത്.

## സാമ്പത്തിക നയം

സാമ്പത്തിക നയങ്ങളുടെ കാര്യത്തിൽ ബിജെപിയും കോൺഗ്രസും തമ്മിൽ അടിസ്ഥാനപരമായി യാതൊരു വ്യത്യാസവുമില്ല കോൺഗ്രസ് നേതൃത്വം കേന്ദ്രത്തിൽ കൊണ്ടുവന്ന നിയോ-ലിബറൽ നയം അതിന്റെ പതിന്മടങ്ങ് വർദ്ധിത വീര്യത്തോടെ ബിജെപി നടപ്പിലാക്കി കഴിഞ്ഞു. അതുകൊണ്ടുതന്നെ, പൊതുജനക്ഷേമ സുചികയിൽ ഇന്ത്യ ലോകരാഷ്ട്രങ്ങളുടെ പട്ടികയിൽ ഏറെ പിൻനിരയിലാണ്.

എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയാകട്ടെ. സാധാരണക്കാരന്റെ ജീവിത ക്ഷേമത്തിന് അനുയോജ്യമായ സുതാര്യ സാമ്പത്തിക നയമാണ് സ്വീകരിച്ചു വരുന്നത്. യുവാക്കളും, സമൂഹത്തിലെ അധ്വാനിക്കുന്ന ജനവിഭാഗങ്ങളും ഉറ്റുനോക്കുന്നതും പ്രതീക്ഷയർപ്പിക്കുന്നതും പ്രസ്തുത സുതാര്യ സാമ്പത്തിക നയം തന്നെയാണ്. ഇതുതന്നെയാണ് ഇടതുപക്ഷ ഭരണകുടങ്ങളുടെ വികസന മുന്നേറ്റത്തിന്റെ ആധാരവും.

## കേരളം - ഇന്നലെ, ഇന്ന്, നാളെ

സമാനതകളില്ലാത്ത മുന്നേറ്റത്തിലേക്ക് നമ്മുടെ നാടിനെ നയിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി 1957ൽ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിയ ആദ്യ മന്ത്രിസഭ, പ്രവർത്തനമാരംഭിച്ചത് തന്നെ ഭരണരംഗത്ത് പുതുചരിത്രം രചിച്ചു കൊണ്ടായിരുന്നു. ഇഎംഎസ് ഭരണകുടം കേരളത്തിലേതെന്നു മാത്രമല്ല, ഇന്ത്യ മഹാരാജ്യത്തിലെയും, ലോകരാഷ്ട്രങ്ങൾക്കിടയിലേയും പ്രഥമ കമ്മ്യൂണിസ്റ്റ് സർക്കാർ, എന്ന ഖ്യാതിയും നേടി. എന്നാൽ പിന്നീടു വന്ന ഇടതുപക്ഷ സർക്കാരുകൾ അഭിമുഖീകരിച്ച പ്രധാന പ്രശ്നം തുടർഭരണം ലഭിക്കാതിരുന്നത് തന്നെയായിരുന്നു. ഇടതുപക്ഷ സർക്കാർ ആവിഷ്കരിക്കുന്ന, ജനക്ഷേമ പദ്ധതികൾ മാറിമാറി അധികാരത്തിലെത്തിയ യുഡിഎഫ് നേതൃത്വം അട്ടിമറിക്കുന്നത്, നിത്യകാഴ്ചകളായിരുന്നു.

എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് തുടർ ഭരണം സാധ്യമായപ്പോൾ വികസന മുന്നേറ്റത്തിന്റെ പുതുചരിത്രം രചിക്കപ്പെട്ടു. പേമാരിയും, പ്രളയവും, പ്രശ്നങ്ങളും പ്രതിസന്ധികളും തീർത്തപ്പോൾ, അതിജീവനത്തിന്റെ പുത്തൻ മാർഗ്ഗരേഖകൾ രൂപപ്പെടുത്താനും, തികഞ്ഞ കരുതലോടെ കേരളജനതയുടെ കാവലാളാകാനും നമ്മുടെ ഇടതുപക്ഷ സർക്കാരിനു കഴിഞ്ഞു. കേരള മോഡൽ വികസനമുന്നേറ്റം മറ്റു സംസ്ഥാനങ്ങൾ പോലും മാതൃകയായി സ്വീകരിച്ചു.

ചരിത്രത്തിലാദ്യമായി ലഭ്യമായ തുടർഭരണം, ഇടത് സർക്കാർ അതീവ ജാഗ്രതയോടെ കൈകാര്യം ചെയ്തു. ആരോഗ്യ മേഖലയും വിദ്യാഭ്യാസമേഖലയും വിപ്ലവപരമായ നേട്ടങ്ങളുടെ വിളഭൂമിയായി. പശ്ചാത്തല വികസന സൗകര്യം കുറ്റമറ്റതായി. പവർകട്ട് ഇല്ലാത്ത 10 വർഷങ്ങൾ, കേരള ജനതയുടെ ആദ്യ അനുഭവമായി മാറി. ക്ഷേമപെൻഷൻ ഇരട്ടിയിലധികം വർദ്ധിപ്പിച്ചു എന്ന് മാത്രമല്ല, കുടിശ്ശികയില്ലാതെ. മാസാരംഭത്തിൽ തന്നെ അർഹതപ്പെട്ട കരങ്ങളിൽ കൃത്യമായെത്തി. സത് ഭരണത്തിന്റെ അർത്ഥതലങ്ങൾ എന്താണെന്ന് നാടിനും നാട്ടുകാർക്കും ബോധ്യപ്പെട്ടു.

കേരളത്തിൽ വീണ്ടുമൊരു തെരഞ്ഞെടുപ്പിന് കളമൊരുങ്ങുകയാണ്. ഇടതു സർക്കാരിന്റെ മൂന്നാമുഴത്തിന്, കേളികൊട്ട്! ഇനിയുമുണ്ട് ഇടതു ഭരണകൂടം തുടക്കം കുറിച്ച ദീർഘകാല പദ്ധതികൾ പൂർത്തീകരിക്കപ്പെടാൻ. ജന മനസ്സിൽ ഒട്ടേറെയുണ്ട് വികസന സ്വപ്നങ്ങൾ - സാക്ഷാത്കരിക്കാൻ. വേണം വീണ്ടും ഭരണതുടർച്ച ! കാരണം ലക്ഷ്യപ്രാപ്തിയിലേക്ക് നമ്മെ നയിക്കാൻ.. മറ്റാരുണ്ട്...? എൽഡിഎഫ് അല്ലാതെ!

2011 മുതൽ 2021 വരെ ഒരു ദശാബ്ദ കാലം കൊയിലാണ്ടി നിയോജകമണ്ഡലം സാക്ഷ്യം വഹിച്ചത് വികസന മുന്നേറ്റത്തിന്റെ വേറിട്ട കാഴ്ചകൾക്കാണ്- കടത്തു തോണികളെ ഓർമ്മച്ചെപ്പിലടച്ച് പ്രധാന കടവുകളിൽ എല്ലാം പാലങ്ങൾ, മണ്ഡലത്തിന്റെ ഹൃദയഭാഗങ്ങളിൽ മാത്രമല്ല മുക്കിലും മൂലയിലും ഗതാഗതയോഗ്യമായ റോഡുകൾ, ഏറ്റവും മികച്ച ഫിഷിങ് ഹാർബർ കൊയിലാണ്ടിക്ക് സ്വന്തം.

ആയിരക്കണക്കിന് രോഗികൾക്ക് ആശ്വാസം പകരുന്ന സേവന-സജ്ജമായ താലൂക്ക് ആശുപത്രിയും കുടുംബാരോഗ്യ കേന്ദ്രങ്ങളും, പൊട്ടിപ്പൊളിഞ്ഞ ചുവരുള്ള പഴയകാല വിദ്യാലയങ്ങൾ നവയുഗ പ്രഭാവത്തിനൊത്ത് ഭൗതിക സാഹചര്യങ്ങൾ ഒത്തിണങ്ങിയ മികവുറ്റ പഠന കേന്ദ്രങ്ങളായി. അതെ, കെ ദാസൻ നേതൃത്വം നൽകിയ കൊയിലാണ്ടി നിയോജകമണ്ഡലത്തിന്റെ വികസന വീരഗാഥ വരും കാലങ്ങളിലും തീർച്ചയായും പാടി പുകഴ്ത്ത്ത്തപ്പെടും.

2021-26 തുടർ വികസനത്തിൽ വ്യക്തമായ അടയാളപ്പെടുത്തലുകൾ നടത്തിയ കാലമാണ്, പ്രസ്തുത കാര്യം പരാമർശിക്കുമ്പോൾ മുൻ എം എൽ എ കാഴ്ചവെച്ച പ്രവർത്തനമികവ്, തികഞ്ഞ ഉൾനോവില്ലാതെ ആർക്കും ഓർമ്മിച്ചെടുക്കാനാവില്ല, അത്രമേൽ ശക്തമായിരുന്നു അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ സഖാവ് കാനത്തിൽ ജമീലയുടെ കർമ്മകുശലത. അത്രമേൽ ശക്തവും ദീപ്തവും ആയിരുന്നു മണ്ഡലത്തിൽ അവർ ചെലുത്തിയ വ്യക്തിഗത സ്വാധീനം. പ്രസ്തുത കാലയളവിൽ പൂർത്തീകരിക്കാനാവാതെ പോയ പല പദ്ധതികളും പുനർജനിപ്പിക്കണം: പൂർത്തീകരിക്കണം. ആയതിന്റെ ചുമതല നിർവഹിക്കാൻ നിയോഗിക്കപ്പെട്ടതാകട്ടെ അനുഭവസമ്പത്തും കാര്യപ്രാപ്തിയും കൈമുതലായുള്ള നമ്മുടെ ദാസേട്ടനാണ്.

അതെ, കെ ദാസൻ വീണ്ടും നമ്മുടെ നിയോജകമണ്ഡലത്തിന്റെ സാരഥിയാകാൻ പോകുന്നു. ഏപ്രിൽ 9ന് നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പിലൂടെ മൂന്നാമൂഴത്തിന് എന്തുകൊണ്ടും അർഹനായ ജനകീയ മത്സരാർത്ഥി. വസ്തുതകളെ സത്യസന്ധതയോടെ വിലയിരുത്തുന്ന ഓരോ വോട്ടറും അറിയാതെ ചോദിച്ചു പോകും 'കൊയിലാണ്ടിയെ നയിക്കാൻ മറ്റാരുണ്ട്... ദാസേട്ടൻ അല്ലാതെ..!" നമ്മുടെ നിയോജകമണ്ഡലത്തിന്റെ വികസന തുടർച്ചയ്ക്ക് നമുക്ക് വേണം ഇടതുഭരണം- അതെ, തീർച്ചയായും വേണം വികസന കാഴ്ചപ്പാടുള്ള തുടർ ഭരണം.

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ തിരഞ്ഞെടുപ്പിൽ മുന്നോട്ട് വെക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ രൂപരേഖയാണ് ഈ പ്രകടനപത്രിക. തികഞ്ഞ ആത്മവിശ്വാസത്തോടെ ഈ പത്രിക പൊതുജന സമക്ഷം സമർപ്പിക്കുന്നു..

## 1. കൃഷിയും അനുബന്ധ മേഖലകളും

1. പ്രാദേശിക കൂട്ടായ്മകൾക്ക് രൂപം നൽകി വെളിയന്നൂർ ചല്ലി അകലാപ്പുഴ, ഒരുകരംവള്ളി അടക്കമുള്ള പാടശേഖരങ്ങളിലും മറ്റു തരിശുഭൂമികളും കൃഷിയിറക്കാൻ നടപടി.

2. തൊഴിലുറപ്പിന്റെ അധ്വാനശേഷിയെ ക്രിയാത്മകമായും ദീർഘവീക്ഷണത്തോടും കൂടിയും പുനരാവിഷ്കരിച്ച്, പച്ചക്കറി പഴം ഉൽപാദനത്തിൽ കുതിച്ചുചാട്ടം സൃഷ്ടിക്കും.
3. മണ്ഡലത്തിലെ സമ്പന്നമായ ജൈവവൈവിധ്യം ആഴത്തിലുള്ള പഠനത്തിന് വിധേയമാക്കുകയും തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യും സർവകലാശാല നിലവാരത്തിലുള്ള ഒരു ജൈവവൈവിധ്യ കേന്ദ്രം മണ്ഡലത്തിൽ സ്ഥാപിക്കുന്നതിനായുള്ള ഇടപെടലുകൾ നടത്തും.
4. കാർഷികോല്പന്നങ്ങൾ ഗാർഡൻ ഫ്രഷ് ആയി ഉപഭോക്താക്കളുടെ കൈകളിൽ എത്തിക്കുന്നതിനായി ശീതീകരിച്ച സഞ്ചരിക്കുന്ന വാഹനങ്ങൾ സജ്ജമാക്കും.
5. നാല് ക്ലസ്റ്ററുകളെ സംയോജിപ്പിച്ച് മണ്ഡല അടിസ്ഥാനത്തിൽ ഒരു മദർ കസ്റ്റർ രൂപീകരിച്ച നാളികേര കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഐക്യരൂപ്യം നൽകും.
6. ക്ഷീരകർഷകരിൽ നിന്ന് ചാണകം മൂത്രം എന്നിവ സംഭരിച്ച് മറ്റ് അവശ്യ പോഷണ ഘടകങ്ങൾ കൂടി ചേർത്ത് യന്ത്ര സഹായത്തോടെ സമ്പൂർണ്ണ ജൈവവളമാക്കി മാറ്റി ബ്രാൻഡ് ഉല്പന്നമാക്കി വിപണനം ചെയ്യും.
7. തിരുവങ്ങൂർ കാലിത്തീറ്റ നിർമ്മാണ കേന്ദ്രം വൈവിധ്യവൽക്കരിച്ച് പുതിയ ഉത്പന്നങ്ങൾ വിപണിയിൽ എത്തിക്കും.
8. പ്രാദേശിക കാർഷികോല്പന്നങ്ങളുടെ വിപണനത്തിനായി ആഴ്ച ചന്തകൾ.

## 11. മത്സ്യബന്ധനം - വിപണനം, സംസ്കരണം

1. കൊയിലാണ്ടി ഫിഷിംഗ് ഹാർബർ കേന്ദ്രീകരിച്ച് കടൽ വിഭവങ്ങളുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾക്കായി ഒരു സ്ഥാപനം ആരംഭിക്കും .
2. തുടർച്ചയായ കടൽക്ഷോഭം തീരപ്രദേശത്തെയും ജീവനോപാധികളെയും പ്രതികൂലമായി ബാധിക്കുന്ന പ്രദേശങ്ങളിൽ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ശാശ്വത പരിഹാര മാർഗ്ഗങ്ങൾ നിർമ്മിക്കും.
3. മത്സ്യ കുഞ്ഞുങ്ങളുടെ വൻതോതിൽ ഉള്ള ഉത്പാദനത്തിനായി മലബാറിലെ ആദ്യത്തെ ഫിഷ് ഹാർച്ചറി കൊയിലാണ്ടിയിൽ സ്ഥാപിക്കും. മത്സ്യകുഞ്ഞുങ്ങളെ കടലിലേക്കും ഉൾനാടൻ ജലാശയങ്ങളിലേക്കും തുറന്നുവിട്ട് ആവാസവ്യവസ്ഥയുടെ സന്തുലനം നിലനിർത്തും.
4. കടൽക്ഷോഭത്തെ അതിജീവിക്കുന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് തീരദേശ റോഡ് ആധുനിക രീതിയിൽ പുനർ നിർമ്മിക്കും.
5. വള്ളം, വല എന്നിവ സംരക്ഷിക്കാനും അറ്റകുറ്റപ്പണികൾക്കുമായി സാധ്യമായ സ്ഥലങ്ങളിൽ വർക്ക് ഷെഡുകൾ പണിയും.
6. കോടിക്കൽ ബീച്ചിൽ മിനി ഹാർബർ സ്ഥാപിക്കുന്നതിന് ഇടപെടൽ നടത്തും
7. മത്സ്യബന്ധന ഉപകരണങ്ങളുടെ ഉൽപാദനം, വിപണനം എന്നിവയ്ക്കായി കൊയിലാണ്ടിയിൽ ഒരു കേന്ദ്രം ആരംഭിക്കും.

8. മത്സ്യഫെഡുമായി സഹകരിച്ച് ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹന നടപടികൾ നടപ്പിലാക്കും.
9. മണ്ഡലത്തിലെ തീരദേശത്തെ കല്ലുമ്മക്കായ ഉൽപാദന-സംരക്ഷണത്തിനായി നടപടികൾ സ്വീകരിക്കും.

## III. വിദ്യാഭ്യാസം, കല, കായികം, സംസ്കാരം

1. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ എല്ലാ ആധുനിക അടിസ്ഥാന സൗകര്യങ്ങളും ഒരുക്കും.
2. അക്കാദമിക് രംഗത്തെ വിദഗ്ദ്ധന്മാരുടെ സഹായത്തോടെ പൊതുവിദ്യാലയങ്ങളുടെ പഠന മികവ് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകും.
3. കലാ-സാംസ്കാരിക സർഗ്ഗാത്മക ഉത്തേജനത്തിനായി വർഷത്തിലൊരിക്കൽ മണ്ഡലത്തിലെ തിരഞ്ഞെടുക്കപ്പെടുന്ന ഇടങ്ങളിൽ വിപുലമായി കൊയിലാണ്ടി മഹോത്സവം സംഘടിപ്പിക്കും.
4. പത്മശ്രീ ഗുരു ചേമഞ്ചേരി കുഞ്ഞിരാമൻ നായരുടെ സ്മരണാർത്ഥം ബന്ധപ്പെട്ടവരും ആയി കൂടിയാലോചിച്ച് ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കും. കഥകളി, ഓട്ടൻതുള്ളൽ തുടങ്ങിയ കേരളീയ തനത് കലകളുടെ പഠനം, ഗവേഷണം എന്നിവയ്ക്കുള്ള മലബാറിലെ മികവിന്റെ കേന്ദ്രമായി ഈ സ്ഥാപനത്തെ ഉയർത്തും.
5. മണ്ഡലത്തിൽ ഒരു പോളിടെക്നിക് സ്ഥാപിക്കും.
6. കോഴിക്കോട് സർവ്വകലാശാലയുടെ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു സബ് സെന്റർ കൊയിലാണ്ടിയിൽ യാഥാർത്ഥ്യമാക്കും.
7. വെറ്റനറി സർവകലാശാല ഉപ കേന്ദ്രത്തിനായി കൈമാറി കിട്ടിയ സ്ഥലത്ത് അത് സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കും
8. നിയോജക മണ്ഡല തലത്തിൽ, ഭരണഘടനാ സാക്ഷരത (Consitutional literacy), നടപ്പിലാക്കാൻ, പ്രത്യേക സംവിധാനം സൃഷ്ടിക്കും. ഭരണഘടനാ അവബോധം, സാർവ്വത്രികമാക്കും.
9. എല്ലാ ഗ്രാമപഞ്ചായത്തുകളിലും കളിസ്ഥലങ്ങളും. മിനി സ്റ്റേഡിയങ്ങളും ഉറപ്പുവരുത്തും.
10. കായിക പ്രതിഭകളെ കണ്ടെത്താനായി വർഷത്തിൽ ഒരിക്കൽ കൊയിലാണ്ടി മിനി ഒളിമ്പ്യാഡ് സംഘടിപ്പിക്കും. മികച്ച പ്രകടനം നടത്തുന്ന കായികതാരങ്ങൾക്ക് തുടർ പരിശീലനത്തിന് വഴിയൊരുക്കും.
11. വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ് തുടങ്ങിയ ഗെയിമുകളിൽ താൽപര്യമുള്ളവരുടെ കൂട്ടായ്മ രൂപീകരിച്ച്, അവയെ പോഷിപ്പിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകും.
12. സിവിൽ സർവീസ് യോഗ്യതാ പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്ക് ശാസ്ത്രീയവും സമയബന്ധിതവുമായ പരിശീലനം നൽകാനായി ഒരു എക്സലൻസി സെന്റർ സ്ഥാപിക്കും.
13. എല്ലാ പ്രായപരിധിയിലും പെട്ട പൗരജനങ്ങൾക്കുമായി പൊതുസ്ഥലങ്ങളിൽ ഓപ്പൺ ജിമ്മുകൾ നിർമ്മിക്കും.
14. ആയോധനകലകളുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കുമായി ഒരു കേന്ദ്രം ആരംഭിക്കും.
15. കൊയിലാണ്ടിയെ യുനസ്കോയുടെ ലോക പൈതൃക നഗര പട്ടികയിൽ ഉൾപ്പെടുത്താനുള്ള ഇടപെടൽ നടത്തും.

## IV. വ്യവസായം, തൊഴിൽ

1. മൈക്രോ സംരംഭങ്ങളിലേക്ക് സ്റ്റാർട്ടപ്പുകളിലേക്കും യുവതയെ ആകർഷിക്കാനായി വിപുലമായ ശില്പശാലകളും തുടർ സഹായങ്ങളും സംഘടിപ്പിക്കും.
2. വർക്ക് നിയർ ഹോം- ഭാഗമായി ആവശ്യമായ സ്ഥലങ്ങളിൽ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനങ്ങളും ഇന്റർനെറ്റും ഓഫീസ് സ്പേസും സജ്ജീകരിക്കും.
3. താല്പര്യമുള്ള പ്രാദേശിക സ്വയം സഹായ സംഘങ്ങളുടെ മണ്ഡലാടിസ്ഥാനത്തിലുള്ള ഒരു അപ്പക്സ്ബോർഡ് രൂപീകരിക്കും. അവരുടെ കയ്യിലുള്ള സഞ്ചിത മൂലധനം പ്രത്യുൽപാദനപരമായ ഇഷ്ടമുള്ള മേഖലകളിൽ നിക്ഷേപിക്കാനുള്ള മാർഗനിർദ്ദേശങ്ങൾ നൽകും.
4. കൊയിലാണ്ടിയിലെ കയർ, കൈത്തറി, ഖാദി, കളിമൺ, ഹുക്കാ വ്യവസായങ്ങളെ വിപണിയുടെ ആവശ്യങ്ങൾക്ക് അനുസരിച്ച് ആധുനികവൽക്കരിക്കും. കൊയിലാണ്ടിയെ ഈ ചെറുകിട വ്യവസായങ്ങളുടെ ഹബ്ബ് ആക്കി മാറ്റും.
5. ഉദ്യോഗാർത്ഥികളുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഡാറ്റാബേസ് തയ്യാറാക്കി. തൊഴിൽ ദാതാക്കളും അവരുമായുള്ള അഭിമുഖങ്ങൾക്ക് കളമൊരുക്കും.
6. യോഗ്യത, ജോലി പ്രവേശനം എന്നിവയുമായി ബന്ധപ്പെട്ട മത്സര പരീക്ഷകൾക്ക് യുവതയെ സജ്ജമാക്കാനായി സൗജന്യ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും.
7. തെരഞ്ഞെടുക്കപ്പെട്ട പൊതു ഇടങ്ങളിൽ സൗജന്യ വൈഫൈ സൗകര്യം ലഭ്യമാക്കും.
8. നന്തിയിലെ കെൽട്രോണിനെ വൈവിധ്യവൽക്കരണത്തിനും ആധുനികവൽക്കരണത്തിനും വിധേയമാക്കും.
9. മണ്ഡലത്തിൽ ഒരു സൈബർ പാർക്കിനുള്ള സാധ്യത പരിശോധിച്ചു നടപ്പിലാക്കും.

## V. നിർമ്മാണ പ്രവർത്തനങ്ങൾ

1. വാഹന സാന്ദ്രത, കാലപ്പഴക്കം എന്നിവ പരിഗണിച്ച് മണ്ഡലത്തിലെ റോഡുകൾ ഏറ്റെടുത്ത് ഉന്നത നിലവാരത്തിൽ പുനർ നിർമ്മിക്കും.
2. പ്രധാനപ്പെട്ട റോഡുകളെ പിഡബ്ല്യുഡിയെ കൊണ്ട് ഏറ്റെടുപ്പിച്ച് മെച്ചപ്പെടുത്തും.
3. കൊയിലാണ്ടി ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം പണിയും.
4. പ്രധാന അങ്ങാടികളിൽ സ്ഥലം ലഭ്യമാകുന്ന മുറക്ക് ബസ്സ് ബേകളും പൊതുശൗചാലയങ്ങളും പണിയും.
5. ഇരിങ്ങലിനെയും മണിയൂരിനേയും ബന്ധിപ്പിക്കുന്ന അഴീക്കൽ കടവ് പാലം യാഥാർത്ഥ്യമാക്കും.
6. അകലാപ്പുഴ, നടേരികടവ്, പാലങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കും.
7. കീഴൂർ നായനാർ സ്റ്റേഡിയം, കാഞ്ഞിരശ്ശേരി നായനാർ സ്റ്റേഡിയം എന്നിവ ആധുനീ കരിക്കും.
8. കൊല്ലം ആനക്കുളം റെയിൽ ഓവർബ്രിഡ്ന്നായി ഇടപെടലുകൾ നടത്തും.
9. പന്തലായനി റെയിൽ ഓവർബ്രിഡ്ജ്നായി ഇടപെടലുകൾ നടത്തും.
10. ദേശീയപാതയിലും, റെയിൽവേ ലൈനിനു് കുറുകേയും, ആവശ്യമായ സ്ഥലങ്ങളിൽ ഫുട് ഓവർബ്രിഡ്ജ് സ്ഥാപിക്കാൻ നടപടി.

11. ഓവർ ബ്രിഡുകൾക്ക് കീഴിലുള്ള ഇടങ്ങൾ പ്രത്യുൽപാദനപരമായി ഉപയോഗപ്പെടുത്തും.
12. താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കും.
13. പൊതുശ്മശാനങ്ങൾ ഇല്ലാത്ത തദ്ദേശസ്ഥാപനങ്ങളിൽ എല്ലാം സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അതിന്റെ പ്രവർത്തനം ആരംഭിക്കും.
14. കൊയിലാണ്ടി റെയിൽവേ മേൽപാലം അറ്റകുറ്റപ്പണി നടത്തി സൗന്ദര്യവൽക്കരിക്കും.
15. കൊയിലാണ്ടി ടൗണിലൂടെ കടന്നു പോകുന്ന ദേശീയപാത ഡിവൈഡറുകളോടെ സൗന്ദര്യവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിക്കും.
16. കേരളത്തിലെ ഏറ്റവും പ്രാചീന തുറമുഖങ്ങളിലൊന്നായ കൊല്ലം പന്തലായനി തുറമുഖം പുനരുജ്ജീവിപ്പിക്കാൻ ആവശ്യമായ നടപടി.
17. കൊയിലാണ്ടി ടൗണിൽ ചുരുങ്ങിയ ചെലവിൽ വാടകയ്ക്ക് ലഭിക്കുന്ന ഒരു മിനി ഓഡിറ്റോറിയം സ്ഥാപിക്കും.
18. കൊയിലാണ്ടി എൻഎച്ച് ബൈപ്പാസിന്റെ കിഴക്കുഭാഗത്തായി ബസ്റ്റാൻഡ് കമ്മ്യൂണിറ്റി ഹാൾ, ഷോപ്പിംഗ് കോംപ്ലക്സ്, ഓഫീസ് സമുച്ചയം, പാർക്കുകൾ, തിയേറ്റർ കോംപ്ലക്സ്, കാർണിവൽ ഗ്രൗണ്ട് തുടങ്ങിയവ പണിയുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തും.
19. ഒരു പ്ലാൻഡ് ടൗൺ ആയി കിഴക്കൻ കൊയിലാണ്ടിയെ വളർത്തിഎടുക്കാൻ നടപടി.
20. സാമൂഹ്യ ക്ഷേമ കേന്ദ്രം - എല്ലാവിഭാഗം ക്ഷേമനിധി സേവനങ്ങളും ഒരുകുട കീഴിൽ - ഹെൽപ് ഡസ്ക് സ്ഥാപിക്കും.
21. അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ഒരു തിയേറ്റർ കോംപ്ലക്സ് സ്ഥാപിക്കും.
22. കൊയിലാണ്ടിയിൽ വിവാഹം സൽക്കാരം സാംസ്കാരിക സദസ്സുകൾക്കുതകുന്ന, കുറഞ്ഞ ചെലവിൽ ലഭ്യമാകുന്ന, ഭക്ഷണശാല സൗകര്യങ്ങളോടെ മിനി കമ്മ്യൂണിറ്റി ഹാൾ.

## VI. ആരോഗ്യം, ഭിന്നശേഷി പരിചരണം, പാലിയേറ്റീവ് സുരക്ഷ -വയോജന പരിചരണം

1. കൊയിലാണ്ടി താലൂക്ക് ആശുപത്രിയെ പൂർണ്ണ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടെ ജില്ലാ ആശുപത്രി നിലവാരത്തിലേക്ക് ഉയർത്തും.
2. പകൽവീടുകൾ വയോജന പരിപാലന കേന്ദ്രങ്ങൾ എന്നിവ പുതിയതായി ആരംഭിക്കുകയും നിലവിലുള്ളവയുടെ സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യും.
3. അമീബിക്ക് മസ്തിഷ്കജ്വരം അടക്കമുള്ള പുതിയ കാലത്തിന്റെ രോഗങ്ങളെ പ്രതിരോധിക്കാനുള്ള പ്രായോഗിക നടപടികൾ ആവിഷകരിക്കും.
4. പാലിയേറ്റീവ് പരിചരണം എല്ലാ കിടപ്പ് രോഗികളിലേക്കും എത്തിച്ചേരുന്നു എന്ന് ഉറപ്പുവരുത്താൻ ആവശ്യമായ ഇടപെടലുകൾ നടത്തും.
5. ഡയാലിസിസിനു കൂടുതൽ കേന്ദ്രങ്ങളും, നിലവിലുള്ളതിന്റെ ശേഷി വർദ്ധനവും നടപ്പിലാക്കും.
6. ഹൈവേ വികസനവുമായി ഉണ്ടായ വെള്ളക്കെട്ട്, വഴിമുടങ്ങൽ പ്രശ്നങ്ങൾ അധികൃതരുമായി ബന്ധപ്പെട്ട് പരിഹരിക്കും
7. തിരുവങ്ങൂർ, പയ്യോളി, സി എച്ച് സി കളിൽ കിടത്തി ചികിത്സ പുനരാരംഭിക്കും.

8. മണ്ഡലത്തിലെ എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യത ഉറപ്പുവരുത്തും.
9. സഞ്ചരിക്കുന്ന ലാബ് സൗകര്യം ഇല്ലാത്ത തദ്ദേശസ്ഥാപനങ്ങളിൽ അത് പ്രാവർത്തികമാക്കും.
10. കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലെ മലിനജലം ശുദ്ധീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും.
11. തെരുവുനായ സംരക്ഷണത്തിനായി മണ്ഡലത്തിൽ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള സാധ്യതകൾ ആരായും.
12. ഭിന്നശേഷി പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കും.

## VII. ടൂറിസം പ്രോത്സാഹനം

1. കാപ്പാട് കടൽത്തീരത്തേക്ക് എത്തിച്ചേരുന്ന മുതിർന്നവരും കുട്ടികളുമടങ്ങുന്ന സഞ്ചാരികൾക്ക് വിനോദ വിജ്ഞാന പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള ഉപാധികളും, കുടുംബശ്രീയുടെ സഹകരണത്തോടെ വിപുലമായ ഭക്ഷ്യ ഹബ്ബുകളും ഒരുക്കും.
2. തിരഞ്ഞെടുക്കപ്പെട്ട പുലിമുട്ടുകൾ എൽഇഡി ദീപാലങ്കരത്തോടെ സീ വ്യൂ പോയിൻറുകളാക്കി സഞ്ചാരികൾക്ക് തുറന്നു കൊടുക്കും.
3. കണ്ടൽ റിസർച്ച് സെന്റർ, വിനോദസഞ്ചാര കേന്ദ്രം എന്നിവ അണേല കണ്ടൽ മ്യൂസിയത്തോടു ചേർന്നു സ്ഥാപിക്കാൻ നടപടി.
4. കണ്ടൽ പാർക്ക്, ജൈവവൈവിധ്യ പാർക്ക്, ഉൾനാടൻ പുഴകൾ, കടൽ, ചരിത്രസ്മാരകങ്ങൾ, കാവുകൾ എന്നിവയെ കുട്ടിയിണക്കി വിപുലമായ ജല- റോഡ് ടൂറിസ്റ്റ് സർക്യൂട്ടുകൾ സ്ഥാപിക്കും.
5. വിദേശികൾ അടക്കമുള്ള ടൂറിസ്റ്റുകൾക്ക് കഥകളി തെയ്യം നാടൻകലകൾ എന്നിവ കണ്ട് ആസ്വദിക്കാനുള്ള അരങ്ങു ഒരുക്കും.
6. പ്രാദേശിക രുചി ഭേദങ്ങൾ പരിചയപ്പെടുത്തുന്നതിനായി വിനോദസഞ്ചാര കേന്ദ്രങ്ങൾ കടലോരങ്ങൾ കേന്ദ്രീകരിച്ച് കിയോസ്കുകൾ, സ്ഥാപിക്കും ഭക്ഷ്യമേളകൾ സംഘടിപ്പിക്കും.
7. കൊല്ലം കടലോരത്ത് മറൈൻ മ്യൂസിയം സ്ഥാപിക്കും.
8. തിക്കോടി ഡ്രൈവിംഗ് ബീച്ചിൽ പൂന്തോട്ടവും ശൗചാലയങ്ങളും വിനോദോപാധികളും സ്ഥാപിച്ച് അതിനെ മികച്ച നിലവാരത്തിലേക്ക് ഉയർത്തും.

## VIII. ഗതാഗതം

1. ഉൾനാടൻ റോഡുകളിൽ പരമാവധി കെഎസ്ആർടിസി ഇലക്ട്രിക് മിനി ബസ്സുകൾ സർവീസ് നടത്താനുള്ള ഇടപെടലുകൾ നടത്തും.
2. മണ്ഡലം പരിധിയിലുള്ള റെയിൽവേ സ്റ്റേഷനുകളിൽ കുടുതൽ എക്സ്പ്രസ് പാസഞ്ചർ വണ്ടികൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനായി ഇടപെടൽ നടത്തും.
3. കെഎസ്ആർടിസിയുടെ ഒരു ഡിപ്പോ കൊയിലാണ്ടിയിൽ സ്ഥാപിച്ചു കിട്ടാനുള്ള ഇടപെടൽ നടത്തും

4. മേല്ലൂർ -അക്വാഡക്റ്റ്- പുതിയകാവിൽ - അമൃത വിദ്യാലയം, പന്തലായനി-കൊല്ലം കനാൽ റോഡ് ടാർ ചെയ്തു ഗതാഗത യോഗ്യമാക്കും.
5. സമീപ ടൗണുകളെയും ടൂറിസ്റ്റ് സ്പോട്ടുകളും ബന്ധിപ്പിച്ചു റോഡ് വികസനവും ബസ്റൂട്ടും പ്രവർത്തികമാക്കും.
6. കൊയിലാണ്ടിയിൽ എൻഎച്ച് സർവീസ് റോഡിനോട് ചേർന്ന് മികച്ച ഭൗതിക സൗകര്യങ്ങളോടെ ടേക്ക് എ ബ്രേക്ക്. ഫുഡ് പാർക്ക്, മിനി മാർട്ട്, - പാർക്കിംഗ് കേന്ദ്രം.
7. ബാലുശ്ശേരി -കൊയിലാണ്ടി സംസ്ഥാനപാതയെ എൻഎച്ച് കണക്ടിവിറ്റി പാതയായി ദേശീയപാത നിലവാരത്തിൽ വികസിപ്പിക്കും.
8. കൊയിലാണ്ടി- പേരാമ്പ്ര പാത വികസിപ്പിക്കു ന്നതിലൂടെ എല്ലാ അയൽ നിയോജക മണ്ഡലങ്ങളിലേക്കും. മികച്ച ഗതാഗത സൗകര്യം ഉറപ്പുവരുത്തും.
9. കോഴിക്കോടിന്റെ സാറ്റലൈറ്റ് സിറ്റിയായി കൊയിലാണ്ടിയെ വികസിപ്പിക്കും.
10. നഗരത്തിലെ പാർക്കിങ്ങ് പ്രശ്നം പരിഹരിക്കാനായി ഒരു പാർക്കിങ്ങ് പ്ലാസ്സ സ്ഥാപിക്കും.

## IX. പിന്നോക്ക വിഭാഗ ക്ഷേമവും മുന്നേറ്റവും

1. പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്ക് പഠനമുന്നേറ്റത്തിന് പ്രത്യേക പാക്കേജ്
2. വിദ്യാർത്ഥികളുടെ ഉന്നത പഠനത്തിന് സ്വദേശ വിദേശ പഠന സാധ്യതകൾ പ്രയോജനപ്പെടുത്താൻ അക്കാദമിക് ഹെൽപ് ഡെസ്ക്,
3. സാമൂഹ്യ ക്ഷേമ വകുപ്പുമായി സഹകരിച്ച് നവ സംരംഭങ്ങൾ ആരംഭിക്കാനുള്ള സാങ്കേതിക സഹായം.
4. അഭ്യസ്ത വിദ്യരായ പിന്നോക്ക വിഭാഗം യുവജനങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സാങ്കേതിക പരിശീലന- സാമ്പത്തിക സഹായം ഉറപ്പുവരുത്തും.
5. ഉന്നതികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പ്രത്യേക പദ്ധതി

## x. പ്രവാസി ക്ഷേമം

1. ലോക കേരളസഭയിൽ ചർച്ച ചെയ്ത പ്രവാസി മിഷൻ പദ്ധതി നടപ്പിലാക്കാൻ പരിശ്രമിക്കും.
2. വിദേശത്തും നാട്ടിലുമുള്ള പ്രവാസികളുടെ സ്ഥിതിവിവര കണക്ക് മണ്ഡലത്തിൽ ശേഖരിക്കാൻ ഇടപെടും.
3. പ്രവാസി സഹകരണ സംഘങ്ങൾ രൂപീകരിക്കും. മൂലധന സമാഹരണത്തിനും സംരംഭങ്ങളിൽ നിക്ഷേപിക്കാനുമുള്ള. സാഹചര്യങ്ങൾ ഒരുക്കും.
4. കോവിഡ്, മെഡിക്കൽ സാഹചര്യങ്ങൾ, പശ്ചിമേഷ്യൻ സംഘർഷം, തുടങ്ങി വിവിധ കാരണങ്ങളാൽ ജോലി നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് അതിജീവന മാർഗങ്ങൾ കണ്ടെത്താൻ ധന സഹായം

## XI. വനിതാക്ഷേമം

1. കുടുംബശ്രീ വനിതകളെ സുസ്ഥിര തൊഴിൽ സംരംഭങ്ങളിലേക്ക് എത്തിക്കുന്നതിനായി വർദ്ധിത പ്രാധാന്യത്തോടെ കൂടിയ ഇടപെടലുകൾ നടത്തും.
2. കൊയിലാണ്ടി ഷീ ഹോസ്റ്റൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കും പയ്യോളിയിൽ ഒരു പുതിയ ഷീ ഹോസ്റ്റൽ സ്ഥാപിക്കാൻ നടപടി.
3. നിയമസഹായം ആവശ്യമായി വരുന്ന വനിതകൾക്ക് സൗജന്യമായി അത് ലഭ്യമാക്കാനുള്ള സംവിധാനം ഒരുക്കും.
4. വനിതാ ശാക്തീകരണ കേന്ദ്രം സ്ഥാപിക്കാൻ നടപടി.
5. സന്ദർശകർഏറെ എത്തിച്ചേരുന്ന കടൽത്തീരങ്ങളിൽ കുടുംബശ്രീയുടെ സഹകരണത്തോടെ വിപുലമായ ഫുഡ് പ്ളാസ ഒരുക്കും.

# ഉപസംഹാരം

മേൽപ്പറഞ്ഞ വികസന നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനു വേണ്ടി എല്ലാവർഷവും ജനകീയ അവലോകനയോഗം വിളിച്ചുചേർക്കുമെന്ന് ജനങ്ങൾക്ക് ഉറപ്പു നൽകുകയാണ്. സർക്കാർ തലത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ സർക്കാരിന്റെ നയ സമീപനത്തെ ആശ്രയിച്ചു മാത്രമേ യാഥാർഥ്യമാക്കാനാവൂ. സർക്കാരിതര സംഘടനകളുടെയും ബഹുജന സംഘടനകളുടെയും സഹകരണത്തോടെ പല വികസന പ്രവർത്തനങ്ങളും ഏറ്റെടുത്തു പൂർത്തിയാക്കാൻ നമുക്ക് സാധിക്കും. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുമെന്ന് ജനങ്ങൾക്ക് ഉറപ്പ് നൽകുന്നു.

അഴിമതിയും ധനസമ്പാദനവും മാത്രം ലക്ഷ്യമാക്കി നുണപ്രചരണങ്ങളുമായി യുഡിഎഫ് നേതൃത്വം ജനങ്ങൾക്കിടയിൽ വിഭാഗീയതയും സ്പർദ്ധയും സൃഷ്ടിക്കാൻ ശ്രമിക്കുന്നത് ജനങ്ങൾ തിരിച്ചറിയുമെന്ന് വിശ്വാസമുണ്ട്. അഴിമതിരഹിതവും സംശുദ്ധവും ജനങ്ങളോട് ഉത്തരവാദിത്വവും ഉള്ള ഒരു ഭരണത്തിനായി - സാമൂഹ്യനീതിയും വികസനവും സ്വൈര്യവും സമാധാനവും ഉറപ്പുവരുത്താൻ ഇടതു ജനാധിപത്യ മുന്നണിക്ക് മാത്രമേ സാധിക്കൂ എന്ന് കഴിഞ്ഞ 10 വർഷക്കാലത്തെ ഭരണം എല്ലാവരെയും ബോധ്യപ്പെടുത്തിയിരിക്കുന്നു.

സഖാവ് കാനത്തിൽ ജമീല മുന്നോട്ടുവച്ച വികസന പ്രവർത്തനങ്ങളെ പൂർണ്ണതയിൽ എത്തിക്കാൻ സഖാവിന്റെ അകാല വിയോഗത്തിൽ, മുൻപ് പത്ത് വർഷം കൊയിലാണ്ടിയുടെ വികസന കുതിപ്പിന് നേതൃത്വം നൽകിയ ഭരണനിർവഹണ പ്രാപ്തിയും അനുഭവ ജ്ഞാനവും കൈമുതലായുള്ള കെ ദാസനെയാണ് ഇടതു മുന്നണിയുടെ നേതൃത്വം നിയോഗിച്ചിരിക്കുന്നത്. ഇടതുമുന്നണി സ്ഥാനാർത്ഥിയെ മത്സരിക്കുന്ന കെ ദാസനെ വൻഭൂരിപക്ഷത്തോടെ കൊയിലാണ്ടി മണ്ഡലത്തിന്റെ വികസന മുന്നേറ്റത്തിന് സാരഥിയാവാൻ തിരഞ്ഞെടുക്കണമെന്ന് വിനയ പൂർവം അഭ്യർത്ഥിക്കുകയാണ്.

അഭിവാദ്യങ്ങളോടെ,

കെ.കെ മുഹമ്മദ്
കൺവീനർ


രാമചന്ദ്രൻ കുയ്യാണ്ടി
ചെയർമാൻ

LDF കൊയിലാണ്ടി മണ്ഡലം തിരഞ്ഞെടുപ്പ് കമ്മറ്റി

അഡ്വ എൽ.ജി ലിജീഷ്
കൺവീനർ
പ്രകടനപത്രിക സബ്ബ് കമ്മറ്റി


നവകേരളം പുതുവഴികൾ
10-ാം വർഷത്തിലേക്ക്
പുതിയ കേരളപ്പിറവി
വീട്
ഭക്ഷണം
ചികിത്സ
വിദ്യാഭ്യാസം
തൊഴിൽ
FOOD
കരുതലോടെ കേരളം
കരുത്തോടെ കേരളം
വീണ്ടും വരണം ഇടതുഭരണം

# ഓരോ വോട്ടും LDFന്



# പ്രകടന പത്രിക 2026

PRINTED AT APPLE OFFSET KOYILANDY@9037137451 PUBLISHED BY: കെ.കെ. മുഹമ്മദ് കൺവീനർ,
LDF കൊയിലാണ്ടി നിയോജക മണ്ഡലം തെരെഞ്ഞെടുപ്പ് കമ്മിറ്റി COPY 1000